**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.243 — 02.03.2020 ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി

| ചോദ്യം<br>പ്രൊഫ.കെ.യു. അരുണൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇരിങ്ങാലക്കുട മണ്ഡലത്തിലുൾപ്പെട്ട ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പി.എച്ച്.സി. കാറളം, പൂമംഗലം എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയിട്ടുണ്ട്. ആർദ്രം രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി പി.എച്ച്.സി.ആളൂർ, പടിയൂർ, വേളൂക്കര എന്നീ സ്ഥാപനങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിലേർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രം കാറളം 19/02/2018-നും പൂമംഗലം 24/12/2017-നും ഉദ്ഘാടനം നിർവ്വഹിച്ചു. ഈ സ്ഥാപനങ്ങളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ അധികമായി സൃഷ്ടിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത എഫ്.എച്ച്.സി.കാറളത്ത് ആരോഗ്യ വകുപ്പിന്റെ ഫണ്ടു കൊണ്ടുള്ള നിർമ്മാണ പ്രവർത്തികൾക്കുപുറമേ സ്ഥലം എം.എൽ.എ.യുടെ ഫണ്ടിൽ നിന്നും 44 ലക്ഷം രൂപ ചിലവഴിച്ച് എഫ്.എച്ച്.സി. കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത പി.എച്ച്.സി. പടിയൂരിൽ ഡോക്ടറുടെ ഒരു അധിക തസ്തികയും, ലാബ് ടെക്നീഷ്യന്റെ ഒരു അധിക തസ്തികയും സൃഷ്ടിച്ചു. പി.എച്ച്.സി.വേളൂക്കരയിൽ ഡോക്ടറുടെ ഒരു അധിക തസ്തികയും സ്റ്റാഫ് നേഴ്സിന്റെ ഒരു അധിക തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.<br><br>പുതുതായി തിരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ Waiting area, സൗകര്യങ്ങളുള്ള OP Counter സ്വകാര്യതയോടുകൂടിയ പരിശോധന മുറികൾ, നേഴ്സുമാർ നടത്തുന്ന പ്രീ |

| | | | |
|---|---|---|---|
| | | | ചെക്കപ്പ്, കുത്തിവെയ്പ്പ് മുറികൾ, ഡ്രെസ്സിംഗ് മുറി, പ്രതിരോധ കുത്തിവയ്പ്പ് മുറി, മുലയൂട്ടൽ മുറി, ലബോറട്ടറി സൗകര്യം, ഫാർമസി, സ്റ്റോർ മുറി, ഫാർമസി വെയിറ്റിംഗ് ഏരിയ, ലാബ് വെയിറ്റിംഗ് ഏരിയ ആൺ-പെൺ-ഭിന്നശേഷിക്കാർക്ക് പ്രത്യേക ശുചിമുറികൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രം ആളൂരിൽ 15.5 ലക്ഷത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തീകരിച്ചു.ഒ.പി സമയം വർദ്ധിപ്പിച്ചു.ശ്വാസ് ആശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചു.<br><br>കുടുംബാരോഗ്യ കേന്ദ്രം വേളൂക്കരയിൽ 15.5 ലക്ഷത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കോസ്റ്റ് ഫോർഡ് മുഖേന 40% പൂർത്തീകരിച്ചു കുടുംബാരോഗ്യ കേന്ദ്രം പടിയൂരിൽ കോസ്റ്റ് ഫോർഡ് മുഖേന 14 ലക്ഷം രൂപയുടെ വർക്കിൽ 80% പൂർത്തീകരിച്ചിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ